"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്- കേരള മീഡിയ അക്കാഡമി, സർക്കാർ ഗ്രാന്റുകളോടെ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്വയംഭരണ മാധ്യമ പഠന ഗവേഷണ സ്ഥാപനമാണെന്നു പ്രസ്താവിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എ) വകുപ്പ്**

സ.ഉ.(അച്ചടി) നം.3/2024/I&PRD തീയതി,തിരുവനന്തപുരം, 16-11-2024

പരാമർശം:-

1. സ.ഉ.(പി) നം. 3/79/പി.കെ. തീയതി, 15/03/1979
2. സ.ഉ.(കൈ) നം. 13/2014/ഐ. & പി. ആർ. ഡി തീയതി, 20/10/2014.
3. സ.ഉ.(കൈ) നം. 2/2016/ഐ. & പി. ആർ. ഡി തീയതി, 30/01/2016.
4. കേരള മീഡിയ അക്കാദമി സെക്രട്ടറിയുടെ 19/10/2023, 19/03/2024, 24/05/2024 തീയതികളിലെ 223/ഇ/2023/ കെ.എം. എ നമ്പർ കത്ത്.

**ഉത്തരവ്**

കേരള മീഡിയ അക്കാദമിയുടെ കീഴിൽ വിവിധ മീഡിയാ കോഴ്സുകൾ നടത്തുകയും ഫെല്ലോഷിപ്പ് പ്രോഗ്രാമുകളിലൂടെ മാധ്യമ മേഖലയിലെ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുകയും ചെയ്ത് വരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ സ്ഥാപനത്തിന്റെ ഔദ്യോഗികാവശ്യങ്ങൾക്കും, അർഹരായ വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് ലഭിക്കുന്നതിനു AISHE രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി; കേരള മീഡിയ അക്കാദമി സർക്കാർ ഗ്രാന്റുകളോടെ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്വയംഭരണ മാധ്യമ പഠന ഗവേഷണ ഗ്രാന്റ് -ഇൻ-എയിഡ് സ്ഥാപനമാണെന്ന് പ്രസ്താവിച്ച് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിച്ച് പരാമർശം (4) പ്രകാരം അക്കാദമി സെക്രട്ടറി ശിപാർശ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) ലെ ഉത്തരവിന് അനുസൃതമായി കേരള മീഡിയാ അക്കാദമി, സർക്കാർ ഗ്രാന്റുകളോടെ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്വയംഭരണ മാധ്യമ പഠന ഗവേഷണ സ്ഥാപനമാണെന്നു ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്യാം വി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (ബി/സി) വകുപ്പ്.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
കരുതൽ ശേഖരം/ ഓഫീസ് കോപ്പി. (എ2/91/2023/ഐ&പി.ആർ)

ഉത്തരവിൻ പ്രകാരം

Signed by
Bindu Chandran R
Date: 16-11-2024 14:18:19
സെക്ഷൻ ഓഫീസർ